**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.3253

19-06-2018 ൽ മറുപടിയ്ക്ക്

**ഹജ്ജ് കമ്മിറ്റി ഓഫീസ് ജീവനക്കാരുടെ ശമ്പള സ്കെയിൽ പരിഷ്കരണം**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.പി.ടി.എ.റഹീം** | | **ഡോ.കെ.ടി.ജലീൽ (തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)** |
| എ) | കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി ഓഫീസിൽ സ്ഥിരം ജീവനക്കാരായി എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കാമോ; | എ) 2 പേർ. |
| ബി) | ഇവർക്ക് നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ശമ്പള സ്കെയിൽ എത്ര വീതമാണ്; | ബി) 1) ഡാറ്റാ എൻട്രി ഓപ്പറേറ്റർ - 9190-15780<br>2) അറ്റൻഡന്റ് - 8730-13540 |
| സി) | ഇവരുടെ ശമ്പള സ്കെയിൽ പരിഷ്കരിക്കുന്നതിനും പ്രൊബേഷൻ ഡിക്ലെയർ ചെയ്യുന്നതിനും അനുമതി നൽകുന്നതിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ഹജ്ജ് കമ്മിറ്റിയുടെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചത് എന്നാണ്; | സി) ഉണ്ട്. ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസറിന്റെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചത് 14-12-17 -ൽ ആണ്. |
| ഡി) | എഫ്3/385/2017 /ഹോം ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ ഫയലിൽ തീരുമാനമെടുക്കാൻ കാലതാമസം വരാനിടയാക്കിയ കാരണം വ്യക്തമാക്കാമോ? | ഡി) ഈ വിഷയത്തിൽ ആദ്യം ധനകാര്യ വകുപ്പുമായി കൂടിയാലോചന നടത്തുകയും നിയമനം ക്രമീകരിക്കുന്നത് സംബന്ധിച്ച വിഷയമാകയാൽ ടി വകുപ്പിന്റെ അഭിപ്രായപ്രകാരം തുടർന്ന് പ്രസ്തുത ഫയൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിയ്ക്ക് |

ബാധകമായ വ്യവസ്ഥകൾ (റൂൾസ് & റഗുലേഷൻസ്) പ്രകാരം പരിശോധിച്ച് ജീവനക്കാരുടെ നിയമനം ക്രമീകരിക്കുന്നതു സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണ് എന്ന് ടി വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിച്ചു വരികയാണ്. നിയമപ്രകാരമുള്ള പരിശോധനയും നടപടിക്രമങ്ങളും പൂർത്തിയാക്കിയ ശേഷമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനാവൂ.

സെക്ഷൻ ഓഫീസർ